**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 136** **27-06-2022 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പള്ളി ഫയർ സ്റ്റേഷന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതിനാവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ടോ; | (എ) | സ്ഥലം ലഭ്യമാകാത്തതിനാൽ നടപടി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. |
| (ബി) | മണിമല - കാഞ്ഞിരപ്പള്ളി റോഡിന്റെ വശത്തായി പൊതുമരാമത്ത് പുറമ്പോക്കായി കണ്ടെത്തിയ സ്ഥലം ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഉപയോഗിക്കണമെന്ന നിർദ്ദേശത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; പ്രസ്തുത സ്ഥലം പൊതുമരാമത്ത് വകുപ്പ് കൈമാറി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | റോഡിനോട് ചേർന്നതും പുറമ്പോക്കുമായ പ്രസ്തുത സ്ഥലം കിഫ്ബി റോഡ് നിർമ്മാണത്തിന് ആവശ്യമായതിനാൽ വിട്ടു നൽകാൻ ശുപാർശ ചെയ്യാനോ നിരാക്ഷേപ സാക്ഷ്യപത്രം നൽകുന്നതിനോ സാധിക്കില്ലായെന്ന് പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോട്ടയം അറിയിച്ചിട്ടുണ്ട്. |
| (സി) | ഫയർസ്റ്റേഷന് ഏറ്റവും അനുയോജ്യമായ പ്രസ്തുത സ്ഥലത്ത് പുതിയ കെട്ടിടം നിർമിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താമോ? | (സി) | റോഡിനോട് ചേർന്നതും പുറമ്പോക്കുമായ പ്രസ്തുത സ്ഥലം കിഫ്ബി റോഡ് നിർമ്മാണത്തിന് ആവശ്യമായതിനാൽ വിട്ടു നൽകാൻ ശുപാർശ ചെയ്യാനോ നിരാക്ഷേപ സാക്ഷ്യപത്രം നൽകുന്നതിനോ സാധിക്കില്ലായെന്ന് പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോട്ടയം അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ